(ഇ) സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ക്രൈം സ്റ്റോപ്പർ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് സൗജന്യ ടെലിഫോൺ കോളിലൂടെ സ്വയം വെളിപ്പെടുത്താതെതന്നെ വിവരം നൽകുവാനും തൽക്ഷണം നടപടികൾ സ്വീകരിക്കുവാനും കഴിയുന്നുണ്ട്. അതുകൊണ്ട് ക്രൈംസ്റ്റോപ്പർ സംവിധാനം പ്രത്യേകമായി മുൻസിപ്പൽ പ്രദേശങ്ങളിൽ ഏർപ്പെടുത്തേണ്ട ആവശ്യകത ഉള്ളതായി കാണുന്നില്ല.

ഫ്ളൈയിംഗ്സ്ക്വാഡ് സംവിധാനം എല്ലാ മുനിസിപ്പൽ ആസ്ഥാനങ്ങളിലും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യപടിയായി നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ എന്നീ മുനിസിപ്പൽ പ്രദേശങ്ങളിൽ ഫ്ളൈയിംഗ് സ്ക്വാഡ് സംവിധാനം ആരംഭിച്ചിട്ടുണ്ട്.

11 (*161) ഭരണ പരിഷ്കാര കമ്മിഷന്റെ പ്രവർത്തനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് നിയമിക്കപ്പെട്ട ഭരണപരിഷ്ക്കാര കമ്മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കമ്മിഷൻ ഇതുവരെ ആരിൽ നിന്നെല്ലാം തെളിവെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) എന്തെങ്കിലും ഇടക്കാല റിപ്പോർട്ട് കമ്മിഷൻ സർക്കാരിന് നൽകുകയുണ്ടായോ എന്ന് വിശദമാക്കുമോ;

(ഡി) എങ്കിൽ അതിന്മേൽ എന്തു തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ;

(ഇ) കമ്മിഷന്റെ അന്തിമ റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇപ്പോൾ നിലവിലുള്ള ഭരണസംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള കേരള ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരുന്നു. കമ്മിറ്റി സർക്കാരിന് ഇടക്കാല റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്.

(ബി) ഗവണ്മെന്റ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, സർവ്വീസ് സംഘടനാ ഭാരവാഹികൾ എന്നിവരിൽ നിന്നും തെളിവെടുത്തിട്ടുണ്ട്.

(സി) പൗരാവകാശ പത്രിക, സുതാര്യതയും അറിയുവാനുള്ള അവകാശവും, പൊതുജന പരാതിപരിഹാരം, അധികാരവികേന്ദ്രീകരണവും ഭരണപരിഷ്ക്കാരവും, മോണിറ്ററിംഗ് എന്നീ അഞ്ചു വിഷയങ്ങളെ സംബന്ധിച്ച് ഒന്നാമത് റിപ്പോർട്ട് ധനകാര്യ പരിഷ്ക്കരണം സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്; ഉദ്യോഗസ്ഥഭരണപരിഷ്ക്കരണം സംബന്ധിച്ച നാലാമത് റിപ്പോർട്ട് എന്നിവ നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടുകൾ ഗവണ്മെന്റ് പരിശോധിച്ചു വരുന്നു.

(ഇ) ഒരു വർഷത്തിനകം കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly